# സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

## പ്രവേശകം

കല-
"എത്ര ദീർഘം! സാധനാലഭ്യം
ആവൂ! ജീവിതമെത്ര ഹ്രസ്വതരം!" (ഗോയ്ഥേ - ഡോക്ടർ ഫൗസ്റ്റ്)
-ഗോയ്ഥേ-ജർമ്മൻ സാഹിത്യകാരൻ. **ഡോക്ടർ ഫൗസ്റ്റ്**-കാവ്യനാടകമാണ്.

- കല ദീർഘവും സാധനാലഭ്യവുമാണ്. ജീവിതമാകട്ടെ, ഹ്രസ്വവും.
- കലയുടെ അനശ്വരത വ്യക്തമാക്കുന്നു. കാലാതീതം-കാവ്യ വിസ്മയം. അപരിമിതം.
- ഉപാസനയാണ് സാധന - സാധനയിലൂടെ കലയ്ക്കുണ്ടാകുന്ന പൂർണത സൂചിതം.
- ജീവിതം - നശ്വരമാണ്, താത്കാലികമാണ്. പരിമിതമാണ്.
- കല അഥവാ സാഹിത്യം ജീവിതത്തിനപ്പുറം കാലാതിവർത്തിയായി ദേശാതിവർത്തിയായി നിലകൊള്ളുന്നു.

"മനുഷ്യജീവിത പോരാട്ടങ്ങളെയും ആത്മസംഘർഷങ്ങളെയുമെല്ലാം കലയിലൂടെ മനോഹരമായി ആവിഷ്കരിക്കാം. മനുഷ്യജീവിതത്തിലെ സംഘർഷങ്ങളും സന്തോഷങ്ങളുമെല്ലാം കലയ്ക്ക് വിഷയമാവാറുണ്ട് ".

## പ്രലോഭനം - ആട്ടക്കഥ - ഉണ്ണായിവാര്യർ

**കലിയുടെ അവതരണം** - കോപ മത്സരവശംവദാഃ കലി

കോപത്തിനും മത്സരത്തിനും വശംവദനായ കലി - (ഷഡ്വൈരികളായ കാമം, ക്രോധം, ലോഭ, മോഹം, മദം, മാത്സര്യം) കലിയുഗ പ്രതിനിധി, മറ്റൊരു യുഗ പ്രതിനിധിയായ ദ്വാപരനോടൊപ്പം എത്തുന്നു. ദമയന്തി സ്വയംവരത്തിൽ പങ്കെടുക്കാൻ കഴിയാത്തതിലും ദമയന്തിയെ നളൻ വരിച്ചതിലും കുപിതനായ കലി.

## പ്രയോഗഭംഗി

സ്വാപദേ സ്വയമചോദയജ്ജലം
സ്വാപതേയ ഹരണായ പുഷ്ക്കരം

സ്വാപദേ - തനിക്കുതന്നെ ആപത്ത്, സ്വപതേയ - ധനം

- ശബ്ദ ഭംഗി അർത്ഥഭംഗി - രണ്ടു പദങ്ങളുടെയും അർത്ഥം വ്യത്യസ്തം.
- പ്രാസഭംഗി (ദ്വിതീയാക്ഷര പ്രാസം, ആദ്യാക്ഷര പ്രാസം)

ധനം എന്നത് ആപദ്ഹേതുവാണ്. അന്യന്റെ ധനം കൂടുതൽ ആപത്തുണ്ടാക്കും.

ധനം യോഗ്യതയല്ല (ചൊല്ല്-അധികമായാൽ അമൃതും വിഷം)

## വരികൾ വ്യാഖ്യാനം

"ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും
അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും.
ദൂരത്തുന്നാരും വരികയില്ല നമ്മെക്കാൺമാൻ"

**വരികളിൽ വെളിപ്പെടുന്ന പുഷ്ക്കരന്റെ മാനസികാവസ്ഥ**

❖ അപകർഷബോധം ❖ നളനോടുള്ള (ജ്യേഷ്ഠനോടുള്ള) അസൂയ ❖ അസന്തുഷ്ടി
❖ അസംതൃപ്തി ❖ ദൈന്യം; രാജത്വചിഹ്നങ്ങളില്ല ❖ രാജാധിപത്യമില്ല
❖ സൈന്യമില്ല-ക്ഷത്രിയൻ മാത്രം.

**പ്രലോഭനം - ശീർഷകം - ഔചിത്യം - പ്രലോഭന തന്ത്രങ്ങൾ**

പുഷ്ക്കരനെ പ്രലോഭിപ്പിക്കാനായി കലിയുടെ തന്ത്രങ്ങൾ
❖ പുഷ്ക്കരന്റെ അവകാശത്തെപ്പറ്റി ബോധ്യപ്പെടുത്തുന്നു. ❖ പുഷ്ക്കരന്റെ അർഹതകൾ പറയുന്നു. ❖ കഴിവുകൾ ബോധ്യപ്പെടുത്തുന്നു. ❖ തന്റെ അസാമാന്യമായ ശക്തിയും കഴിവുകളും പുഷ്ക്കരനുവേണ്ടി പ്രയോഗിക്കാമെന്ന വാഗ്ദാനം. ❖ നളനെ ജയിച്ച് പുഷ്ക്കരനെ രാജാവായി വാഴിക്കാമെന്ന് മോഹിപ്പിക്കൽ. ❖ ചൂതിന് താൻ പണയവസ്തുവാകാമെന്ന് വാഗ്ദാനം. നളന് ഞാൻ ശത്രു, നിനക്ക് ഞാൻ മിത്രം. (വൈരിവൈരസേനിക്കിഹ ഞാൻ കലി, തവ ഞാൻ മിത്രം).

**ഭാവതലം - കഥാപാത്രം**

നേരെ നിന്നോടെടോ <u>ഞാൻ</u> പുനരാരെന്നും പറയാം.
വൈരി വൈര സേനിക്കിഹ <u>ഞാൻ</u> കലി
തവ <u>ഞാൻ</u> മിത്രം, തസ്യനാടു <u>ഞാൻ</u>, തേ തരുന്നു.

➢ കലിയുടെ എന്തെല്ലാം ഭാവങ്ങൾ - അഹംഭാവം, ധിക്കാരം, അജയ്യനാണെന്ന ഭാവം. വാക്ക്ചാതുര്യം, പ്രലോഭന മികവ്-മനസ്സ് കീഴടക്കാനുള്ള കഴിവ്-സ്വാധീനം, ശക്തി, പക, പൈശാചികത.

**കഥാപാത്ര നിരൂപണം/താരതമ്യം/കഥാപാത്ര പ്രസക്തി**

**പുഷ്കരൻ**

- മഹാഭാരത കഥയിലെ അപ്രധാന കഥാപാത്രം
- കഥകളിയിൽ പ്രതിനായക കഥാപാത്രം
- നളനോടുള്ള അസൂയ
- ദൈന്യം
- രാജ്യലോഭം - അധികാരമോഹം
- കർമഫലത്തെക്കുറിച്ചുള്ള ചിന്ത
- നാട്, നഗരം, കുട, വെൺചാമരം, സൈന്യമില്ല, ക്ഷത്രിയൻ മാത്രം
- അസംതൃപ്തി, അസ്വാസ്ഥ്യം, മൂഢൻ
- അമർഷം, പ്രലോഭനത്തിന് വശംവദനാകുന്നു
- പുഷ്കരന് പച്ചവേഷമാണ്.

**കലി**

- നളചരിതം ആട്ടക്കഥയിൽ ദുഷ്ടതയുടെ പ്രതീകമെന്ന നിലയിൽ-കലി പ്രസിദ്ധനാണ്
- കലിയുടെ തന്ത്രങ്ങൾ-പുഷ്കരനെ വശംവദനാക്കാൻ
- ദമയന്തിയെ വരിക്കാൻ കഴിയാത്തതിലുള്ള പക
- കലിയുടെ അഹംഭാവം
- അന്യരിൽ വിശ്വാസം ജനിപ്പിക്കാനുള്ള സിദ്ധി
- പരപീഡയിൽ ആഹ്ലാദിക്കുന്നവൻ
- പൈശാചിക സ്വഭാവം (പൈശാചികത)
- മൂഢനായ വഞ്ചകൻ
- കലിക്ക് കറുത്ത താടി വേഷമാണ്
- തിന്മ മാത്രമുള്ള കഥാപാത്രം
- തമോഗുണ പ്രധാനി, ദുഷ്ട കഥാപാത്രം

**അർത്ഥവ്യത്യാസം**

പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു (പുഷ്കരൻ). പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ - (കലി).

- പുഷ്ക്കരൻ - വെറുതെ, ആവശ്യമില്ലാതെ, പ്രയോജനമില്ലാതെ, നിരർഥം
- കലി - ജന്മം വെറുതെ പാഴാക്കാനുള്ളതല്ല.
- സഫലമാക്കാവുന്നതിനെ വെറുതെ കളയുന്നു.
- സാധ്യതകൾ (രാജാവ്, രാജാധിപത്യം, രാജത്വ ചിഹ്നങ്ങൾ) പ്രയോജനപ്പെടുത്തുന്നില്ല.

**പുഷ്ക്കരജന്മം - നിഷ്ഫലമാക്കാതിരിക്കാൻ കലി നിർദ്ദേശിക്കുന്ന തന്ത്രങ്ങൾ**

- പുഷ്ക്കരന്റെ ആവലാതിഭാവം (പയ്യാരം) മുതലാക്കിയുള്ള പ്രലോഭനം
- പുഷ്ക്കരജന്മം നിഷ്ഫലമാക്കാനുള്ളതല്ലെന്നുള്ള ഓർമപ്പെടുത്തൽ
- കലിയുടെ സഹായമുണ്ടെങ്കിൽ എല്ലാം സാധ്യം എന്ന ധൈര്യം പകരൽ
- നള-പുഷ്ക്കര ഭേദം വേണ്ടെന്ന നിർദ്ദേശം
- പുഷ്ക്കരനിൽ അധികാരമോഹമുണർത്തൽ
- നളന്റെ ശത്രുവാണെങ്കിലും പുഷ്ക്കരന്റെ മിത്രം എന്ന് വാഗ്ദാനം
- ബന്ധുബലം നൽകി പുഷ്ക്കരനിൽ ആത്മധൈര്യം പകരുന്നു
- അവന്റെ രാജ്യം നിനക്ക് തരുന്നു എന്ന ഉറപ്പ്

- "മിത്രത്തെ ദ്വേഷിപ്പാനായമിത്രം മിത്രമാക്കി
  പ്രത്യഹം ദുഷ്ടകർമം ചെയ്തീടുന്നവൻ മൂഢൻ"

-മഹാഭാരതം കിളിപ്പാട്ട് (എഴുത്തച്ഛൻ)

മിത്രത്തെ നിന്ദിക്കുന്നതിനുവേണ്ടി ശത്രുവിനെ മിത്രമാക്കി ദുഷ്ടകർമങ്ങൾ ചെയ്യുന്നവൻ മൂഢൻ. ഇവിടെ സ്വന്തം സഹോദരനെ നിന്ദിക്കുന്നതിനായി കലിയ്ക്കൊപ്പം ചേർന്ന് ദുഷ്ടകർമത്തിന് മുതിരുകയാണ് പുഷ്ക്കരൻ.

എഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ടിലെ ഉദ്യോഗപർവ്വത്തിലെ വിദുരവാക്യത്തിൽ നിന്നാണ് ഈ വരികൾ. പലതരം ചിന്താവ്യഥകളാൽ നിദ്രയില്ലാതായ ധൃതരാഷ്ട്രർ വിദുരരോട് പരിഹാരം നിർദ്ദേശിക്കാൻ ആവശ്യപ്പെടുന്നു. പലതും പറഞ്ഞകൂട്ടത്തിൽ പണ്ഡിതന്മാരുടെയും മൂഢന്മാരുടെയും സ്വഭാവവും പ്രവൃത്തിയും എപ്രകാരമായിരിക്കുമെന്ന് വിവരിക്കുന്നതാണ് സന്ദർഭം. മൂഢന്മാരുടെ ലക്ഷണങ്ങളിലൊന്നാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്.

കുപിതനായ കലി-പുഷ്ക്കരനെ കാണുന്നതും പ്രലോഭിപ്പിക്കുന്നതും-നളനെ ചൂതിനു വിളിക്കുന്നതും-കലി സഹായിക്കുന്നതും-നളദമയന്തിമാരെ തമ്മിലകറ്റി രാജ്യത്തുനിന്നു പുറത്താക്കുന്നതും-വിശദീകരിക്കണം)

തയ്യാറാക്കിയത്:

**സുരേഷ് അരീക്കോട്** (ഫോൺ: 9562521509)
എച്ച്.എസ്.ടി (മലയാളം)
ഗവ: എച്ച്.എസ്.എസ് അരീക്കോട്, മലപ്പുറം